നമ്പർ. 2878/AD AI 2/2018/AD A 1

**സർക്കുലർ**

വിഷയം:- സർവ്വകലാശാല പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ/പരിപത്രങ്ങൾ തുടങ്ങിയവ പുറത്തെഴുത്ത് നടത്തി ഇറക്കുന്ന ഉത്തരവുകൾ/ പരിപത്രങ്ങൾ എന്നിവയിൽ വിഷയം വ്യക്തമായി പ്രതിപാദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. രജിസ്ട്രാറുടെ കുറിപ്പ് നമ്പർ രജി/237/2018 തീയതി 06.12.2018.
2. പരിപത്രം നമ്പർ എഡി.എ1-2-220-2018 തീയതി 26.11.2018.

സർവ്വകലാശാല പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പലപ്പോഴും വ്യക്തതയില്ലാതെയും വസ്തുതകൾ മുഴുവനായും മനസ്സിലാക്കാൻ സാധിക്കാത്ത തരത്തിലുമുള്ളതായി കാണുന്നുവെന്നും, ഫയലിൽ പരാമർശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച യാതൊരു വിധത്തിലുമുള്ള സൂചനകൾ ഇല്ലാതെയും സിൻഡിക്കേറ്റ് തീരുമാനം/സിൻഡിക്കേറ്റ് ഉപസമിതികളുടെ ശുപാർശകൾ എന്നിവ മാത്രം കാണിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനാവശ്യമായ കോടതി വ്യവഹാരങ്ങളിലേക്കും കോടതികളുടെ വിമർശനത്തിനും വഴി വയ്ക്കുന്നുവെന്നും, ഓരോ ഉത്തരവിലും ഏത് സാഹചര്യത്തിൽ, എന്തെല്ലാം വസ്തുതകൾ പരിഗണിച്ചുകൊണ്ടാണ് അധികാരികൾ/സിൻഡിക്കേറ്റ് തീരുമാനമെടുക്കുന്നതെന്ന് ഉത്തരവിൽ നിന്നും മനസ്സിലാക്കേണ്ടതുണ്ടെന്നും, അത്തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണെന്നും കാണിച്ച് സൂചന (2) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നിരുന്നാലും, ഇപ്പോഴും അവ്യക്തവും വസ്തുതകൾ പൂർണ്ണമായി പ്രതിപാദിക്കാതെയുമാണ് പല സെക്ഷനുകളിൽ നിന്നും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

അതുപോലെ തന്നെ സർക്കാർ ഉത്തരവുകൾ/പരിപത്രങ്ങൾ സർവ്വകലാശാലയിൽ പുറത്തെഴുത്ത് നടത്തി ഇറക്കുന്ന ഉത്തരവുകളിൽ/പരിപത്രങ്ങളിൽ, സർക്കാർ ഉത്തരവ് നമ്പർ/പരിപത്രം നമ്പർ മാത്രം പ്രതിപാദിച്ചുകൊണ്ടാണ് പുറപ്പെടുവിക്കുന്നത്. ഇത് മൂലം സർക്കാർ ഉത്തരവിൽ/പരിപത്രത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയം എന്താണെന്ന് മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ, സർക്കാർ ഉത്തരവുകൾ/പരിപത്രങ്ങൾ സർവ്വകലാശാലയിൽ പുറത്തെഴുത്ത് നടത്തി ഇറക്കുന്ന ഉത്തരവുകളിലും സർക്കാർ ഉത്തരവിൽ/പരിപത്രത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയം കൂടി പ്രതിപാദിക്കേണ്ടതാണ്.

ഇതിനു വിരുദ്ധമായി സമീപകാലത്ത് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഷ്കരിച്ച് വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ്.

സർവ്വകലാശാല പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ മേൽസൂചിപ്പിച്ച വിഷയങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

രജിസ്ട്രാറുടെ ഉത്തരവിൻ പ്രകാരം പരിപത്രം പുറപ്പെടുവിക്കുന്നു.

SREERAJ R.
DEPUTY REGISTRAR I ADMINISTRATION

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷാ/ധനകാര്യം)
5. സെക്യൂരിറ്റി ഓഫീസർ/പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി.
6. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/നോട്ടീസ് ബോർഡ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Draft #2 of File 2878/AD AI 2/2018/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 11-Dec-2018 01:01 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം